**WEEK -1**

# Arise and Shine

## *(എഴുന്നേറ്റ് പ്രകാശിക്കുക -യെശ:60:1)*

**<u>"Shine your light, someone needs to find you"</u>**




ഒരുലെവൽക്രോസിൽ വർഷങ്ങൾമുൻപ് ഒരു അപകടമുണ്ടായി. പതിവു പോലെ അപകടത്തിനു പിന്നാലെ അന്വേഷണവും, കുറ്റപ്പെടുത്തലുകളും നടന്നു. അന്വേഷണ ഉദ്യോഗസ്ഥരുടെ നോട്ടത്തിൽ പാളത്തിനു കേടില്ല, തീവണ്ടിയുടെ എഞ്ചിനും തകരാറില്ല. Drivers ന്റെ വാക്കുകളിൽ അവരും കുറ്റക്കാരല്ല. ലെവൽക്രോസിൽ നിന്ന ജോലിക്കാരൻ ജോലിസമയം അവിടെ ഉണ്ടായിരുന്നു എന്നും വിളക്ക് നല്ലതു പോലെ ഉയർത്തിയാണ് വീശിയതെന്നും സമ്മതിച്ചു. പിന്നെ ആരാണ് കുറ്റവാളി ?. പെട്ടെന്ന് ഒരു ഉദ്യോഗസ്ഥൻ ചോദിച്ചു താൻ വിളക്ക് കത്തിച്ചിരുന്നോ എന്ന്. അപ്പോഴാണ് യഥാർത്ഥ വീഴ്ചക്കാരൻ ആരെന്ന് എല്ലാവർക്കും മനസ്സിലായത്. ഉത്തരവാദിത്തം ഏൽക്കുമ്പോൾ എഴുന്നേൽക്കുക മാത്രമല്ല ഉയർത്തുകയും വീശുകയും ചെയ്യുന്ന വിളക്ക് നല്ല പ്രകാശവും ഉള്ളതാണെങ്കിൽ മാത്രമേ പ്രയോജനമുണ്ടാകയുള്ളു.

പ്രതികൂലത്തെ, അന്ധകാരത്തെ നോക്കി നിരാശയിൽ കഴിയുന്നവരോടുള്ള ആജ്ഞയല്ല, ആഹ്വാനമാണ് എഴുന്നേൽക്കുക എന്നത്. ഇവിടെ പ്രവാചകൻ പൊടിയിൽ നിന്ന് എഴുന്നേൽക്കുവാൻ ആവശ്യപ്പെടുന്നത് യെറുശലേമിനോടാണ്. (യെശ 52:2) പൊടിയിൽ കിടക്കുന്നത് താഴ്ചയുടെ അടയാളമാണെന്ന് ഇയ്യോബ് (2:13)ൽ നിന്ന് മനസ്സിലാക്കാം. പൊടികുടഞ്ഞ് കളയുക അഥവാ പ്രശ്നങ്ങളെ കുടഞ്ഞുകളഞ്ഞ് അതിന്റെ മുകളിൽ കയറിനിൽക്കുക.വീണ്ടും പ്രശ്നങ്ങൾ വരും അവയെ എല്ലാം മാറ്റുവാൻ കഴിഞ്ഞാൽ നാം വീണ കുഴിയിൽ നിന്ന് പുറത്താകും

"shaking your problems off and stepping up
The more the load was poured higher it rose".

പ്രശ്നങ്ങൾ ഉണ്ടാക്കുന്ന അന്ധകാരത്തിൽ നിന്നും എഴുന്നേറ്റ് യാത്ര ചെയ്യുവാൻ വെളിച്ചം ആവശ്യമാണ്. വിളക്ക് കരുതാതെ പകൽ വെളിച്ചമുണ്ടല്ലോ എന്ന് കരുതി യാത്രപുറപ്പെടുന്നവർ ഇരുട്ട് കണ്ട് നിലവിളിക്കുന്നതിൽ അർത്ഥമില്ല. പ്രഭാതസൂര്യൻ ഉണ്ടല്ലോ എന്ന് ചിന്തിക്കുന്നവർ അസ്തമയസൂര്യന്റെ കാര്യം വിസ്മയിക്കരുത് . പ്രതികൂലങ്ങളെ കുടഞ്ഞ്കളഞ്ഞ് വചനമാകുന്ന വെളിച്ചത്തെ ആശ്രയിക്കുന്നവരെ പച്ചയായ പുൽപ്പുറത്ത് എത്തിക്കുന്നവനാണ് നമ്മുടെ നല്ലിടയൻ. ഈ പുതുവർഷം പഴയപ്രശ്നങ്ങളെ അതിജീവച്ച് ഞാൻ പ്രകാശിക്കും എന്ന് തീരുമാനം എടുക്കുക.

ഭൂമിയിൽ അന്ധകാരശക്തികൾ ശക്തിപ്പെട്ടാലും നാം ഭയപ്പെടേണ്ട. എഴുന്നേൽക്കുവാൻ ധൈര്യം കാട്ടുന്നവർക്ക് പ്രകാശിപ്പാൻ കഴിയും. അന്ധകാരം ഭൂമിയെ മൂടുമ്പോഴാണല്ലോ നക്ഷത്രങ്ങളെ നമുക്ക് ശരിക്ക് കാണുവാൻ കഴിയുന്നത്. അതുപോലെ ഇരുട്ട് ഉറങ്ങുവാനും വെളിച്ചം എഴുന്നേൽക്കുവാനും ഉള്ളതാണ്. ക്രിസ്തുവാകുന്ന വെളിച്ചം നമ്മിലേക്ക് സ്വീകരിപ്പാൻ നമ്മിലൊരു ആഗ്രഹം ഉണ്ടാകണം. ആഗ്രഹമുള്ളവരിലേക്ക് ആ പ്രകാശം എത്തുകയും നാം ആ പ്രകാശത്തിൽ നിലനിൽക്കുകയും ചെയ്യുന്നു. ദൈവമഹത്വം നഷ്ടപ്പെടുമ്പോഴാണ് വ്യക്തികളിൽ, ഭൂമിയിൽ ഇരുട്ട് വ്യാപിക്കുന്നത്. ഉദാ: യേശുവിന്റെ ക്രൂശീകരണസമയത്തെ കനത്ത ഇരുട്ട്. Read ലൂക്കോ : 23:44
ദൈവമഹത്വം നഷ്ടമാക്കിയ യൂദയുടെ ജീവിതത്തിൽ വ്യാപരിച്ച ഇരുട്ട് മരത്തിന്മേൽ തൂങ്ങി ശപിക്കപ്പെട്ടവനായി അവസാനിപ്പാൻ ഇടയായി. ഗുരുവിനെ തള്ളിപ്പറഞ്ഞതുമൂലം തന്നെ ഇരുട്ട് പിടികൂടും എന്നറിഞ്ഞ് ദൈവമഹത്വം നഷ്ടമായ ആസ്ഥലത്തെ ഇരുട്ടിൽ നിന്നും പത്രോസ് എഴുന്നേറ്റു. പ്രീയ ദൈവമക്കളേ ! പ്രാർത്ഥന, ആരാധന, വചനധ്യാനം ഇവ നഷ്ടമാക്കുന്ന ഇരുട്ട് നിങ്ങളിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പശ്ചാത്താപത്തോടെ യേശുവിന്റെ അടുക്കലെത്തി, മാനസാന്തരപ്പെട്ട് രക്ഷയുടെ അനുഭവത്തിലാകുവാൻ ദൈവം കൃപ ചെയ്യട്ടെ, ഹൃദയവാതിൽ തുറന്ന് കൊടുക്കുക, വെളിച്ചം നിങ്ങളുടെ ഉള്ളിലെ ഇരുട്ട് പൂർണ്ണമായി മാറ്റുകയും ചെയ്യും.

പുറ :(10:21-23) വരെയുള്ള ഭാഗത്ത് മൂന്നുദിവസത്തേക്ക് മിസ്രേമ്യർക്ക് സ്പർശിക്കത്തക്ക ഇരുളുണ്ടായപ്പോഴും യിസ്രായേൽ മക്കൾക്ക് അവരുടെ വാസസ്ഥലങ്ങളിൽ വെളിച്ചം ഉണ്ടായിരുന്നു എന്ന് കാണുന്നു.

## To be in ‘darkness’means to not know God and the things of God

കാള തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയും അറിയുന്നു എന്നാൽ എന്റെ ജനം എന്നെ അറിയുന്നില്ല എന്ന് ഇന്നും സ്വർഗ്ഗീയ പിതാവ് വിലപിക്കുകയാണ്, ഇരുട്ടിൽ പാർത്ത് പാപപ്രവൃത്തികൾ ചെയ്യുവാനാണ് പലരും ആഗ്രഹിക്കുന്നത് എന്ന് ദിവസേനയുള്ള വാർത്തകൾ വ്യക്തമാക്കുന്നു. ഇരുട്ട് നമ്മെ നിത്യ നരകത്തിലേക്കാണ് നയിക്കുന്നത്. താൽക്കാലിക സന്തോഷം ഉള്ളിടത്ത് ദൈവസാന്നിദ്ധ്യം ഇല്ല എന്ന് മനസ്സിലാക്കി ആ ചുറ്റുപാടുകളെ വിട്ട് എഴുന്നേറ്റ് ക്രിസ്തു ആകുന്ന വെളിച്ചം ഉള്ളിൽ എത്തുവാൻ ദൈവചനം

കണ്ടെത്തി ഭക്ഷിക്കുക ഈ പുതുവർഷം എഴുന്നേറ്റ് പ്രകാശിപ്പാൻ തയാറാകുന്ന വർക്ക് അനുഗ്രഹത്തിന്റെ വർഷമാകട്ടെ.

Darkness cannot drive out darkness only light can do that. Hatred cannot drive out hatred, only love can do it.

പരസ്പരസ്നേഹവും, വെളിച്ചവുമുള്ളവരായി ക്രിസ്തുവിനായി ഇരുട്ടിന്റെ ലോകത്തിൽ ജീവിപ്പാൻ ദൈവം സഹായിക്കട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg